**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3619** **26-10-2021 - ൽ മറുപടിയ്ക്ക്**

**ടിക്കറ്റിതര വരുമാന വർദ്ധനയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്ന ചുമതല ഏറ്റെടുക്കാൻ തയ്യാറാണെന്ന് കെ.എസ്.ആർ.ടി.സി. സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ കൈക്കൊണ്ട തീരുമാനം എന്താണെന്ന് വെളിപ്പെടുത്താമോ; | (എ) | തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്ന വാഹനങ്ങളുടെ പരിപാലനം ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിച്ചു കൊണ്ട് നഗരകാര്യ വകുപ്പിന് കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിരുന്നു. ആയതിന്മേൽ മറ്റു നടപടികളൊന്നും തന്നെ ആയിട്ടില്ല. |
| (ബി) | ഈ വിഷയത്തിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർ എതിർപ്പ് അറിയിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് എതിർപ്പിന് കാരണമായി ഉന്നയിച്ചിട്ടുള്ളത്; ജീവനക്കാരുടെ ആശങ്ക പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികളെ വിശ്വാസത്തിൽ എടുത്തു മാത്രമേ തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂ. |
| (സി) | ടിക്കറ്റിതര വരുമാന വർദ്ധനയുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. നൽകുന്ന നിർദ്ദേശങ്ങളുടെ പ്രായോഗികത പരിശോധിക്കുന്നതിന് സർക്കാർ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് രീതിയിലാണ് ഇത്തരം നിർദ്ദേശങ്ങളുടെ പ്രായോഗികത പരിശോധിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | നിയോഗിച്ചിട്ടില്ല. ടിക്കറ്റിതര വരുമാന വർദ്ധനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.യിൽ എസ്റ്റേറ്റ് വിഭാഗവും, കൊമേഴ്സ്യൽ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. കെട്ടിടങ്ങളുടെ വാടക, വസ്തുവകകളുടെ റവന്യൂ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ എസ്റ്റേറ്റ് വിഭാഗവും, പരസ്യങ്ങൾ, ടൂർ പാക്കേജുകൾ, ചരക്ക് നീക്കം തുടങ്ങിയവ വഴി വരുമാനം കണ്ടെത്തുന്നതിനായി കൊമേഴ്സ്യൽ വിഭാഗവും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ